പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1388** — 31.10.2019 -ൽ മറുപടിയ്ക്ക്

**പരശുവയ്ക്കൽ വില്ലേജാഫീസ് കെട്ടിടത്തിന്റെ നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സ്മാർട്ട് വില്ലേജാഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പരശുവയ്ക്കൽ വില്ലേജാഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിൽ കരാറുകാരനായ എസ്.ഐ.എൽ.കെ. എന്ന സ്ഥാപനം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം പരശുവയ്ക്കൽ വില്ലേജ് ഉൾപ്പെടെ 50 വില്ലേജുകളാണ് സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2018-19 പ്ലാൻ സ്കീമിൽ 31/03/19-ന് ചെലവഴിക്കാൻ കഴിയാതിരുന്ന സ്മാർട്ട് വില്ലേജ്, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, റവന്യൂ ഓഫീസുകളുടെ നവീകരണം എന്നീ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായില്ല. ആയതിനാൽ ടി തുക 2019-20 ലെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജാഫീസുകളെയാണ് നവീകരിക്കുന്നത്; ആയതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്ന വില്ലേജുകളുടെയും തുക വകയിരുത്തിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1 വാഴിച്ചൽ വില്ലേജ് അഡീഷണൽ റൂം - 7,35,367/-<br>2 പരശുവയ്ക്കൽ വില്ലേജ് ഓഫീസ് നിർമ്മാണം - 42,33,777/-<br>3 പെരുങ്കടവിള വില്ലേജ് ചുറ്റുമതിൽ നിർമ്മാണം - 7,30,000/- |

സെക്ഷൻ ഓഫീസർ